12074
18/9/15

# കേരള സർക്കാർ

## സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- ഐ.സി.ഡി.എസ്സ് - അങ്കണവാടി തീം & ആക്ടിവിറ്റി ചാർട്ട് - ഡോക്യുമെന്ററി നിർമ്മാണം - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

സ.ഉ.(സാധാ)നം. 506/2015/സാനീവ തീയതി, തിരുവനന്തപുരം 06-08-2015

---

പരാമർശം: 1) 23.06.2015 ലെ സാമൂഹ്യനീതി ഡയറക്ടറുടെ ICDS/B2-13798/15 നമ്പർ കത്ത്.

2) 30.06.2015 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

## ഉത്തരവ്

സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിലെ പ്രീ-സ്കൂൾ വിദ്യാഭ്യാസം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി 30 തീം & ആക്ടിവിറ്റി ചാർട്ടുകൾ പ്രിന്റ് ചെയ്ത് അങ്കണവാടികളിൽ വിതരണം നടത്തിയിട്ടുണ്ട്. പ്രസ്തുത തീം & ആക്ടിവിറ്റി ചാർട്ടുകൾ പ്രയോജനപ്പെടുത്തി അങ്കണവാടികളിലെ പ്രീ-സ്കൂൾ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി അരമണിക്കൂർ ദൈർഘ്യമുള്ള 30 എപ്പിസോഡുകളുള്ള ഡോക്യുമെന്ററികളിലായി ചിത്രീകരിക്കുന്നതിനും അവ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന തരത്തിൽ ദൂരദർശനിലൂടെ സംപ്രേഷണം ചെയ്യുന്നതിനും തീരുമാനിക്കുകയുണ്ടായെന്നും പ്രസ്തുത ഡോക്യുമെന്ററി നിർമ്മാണത്തിനായി ഒരു എപ്പിസോഡിന് 60,000/- രൂപ പ്രകാരം 30 എപ്പിസോഡുകൾക്കായി 18 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നുവെന്നും ഇതിലേയ്ക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ2235-02-102-98(P)-34-OC ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണെന്നും, ആയതിനാൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകണമെന്നും ഇ-ടെൻഡർ ക്ഷണിക്കുന്നതിനുള്ള അനുമതി നൽകണമെന്നും സാമൂഹ്യനീതി ഡയറക്ടർ പരാമർശ കത്ത് (1) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

(2) 30.06.2015 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 30 തീം & ആക്ടിവിറ്റി ചാർട്ടുകൾ പ്രയോജനപ്പെടുത്തി ഡോക്യുമെന്ററി നിർമ്മിക്കുന്നതിനായി ഒരു എപ്പിസോഡിന് 60,000/- രൂപ പ്രകാരം 30 എപ്പിസോഡുകൾക്ക് 18 ലക്ഷം രൂപ (പതിനെട്ട് ലക്ഷം രൂപ മാത്രം) 2235-02-102-98 (P)- 34-OC എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയും ആയതിന് ഇ-ടെൻഡർ ക്ഷണിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**എ.ഷാജഹാൻ**

**സ്പെഷ്യൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻഓഫീസർ.